പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.861 — 30.06.2011 - ൽ മറുപടിക്ക്

## ദേശീയപാതാ വികസന പദ്ധതി

| ചോദ്യം<br>ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ഉത്തരം<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു. മരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) ദേശീയപാതാ വികസന പദ്ധതി ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ; | (എ) എൻ.എച്ച്.47 ന്റെയും എൻ.എച്ച്.17 ന്റെയും 4/6 വരി പാതയാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനായി ദേശീയപാതാ അതോറിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട ഈ പദ്ധതി താല്ക്കാലികമായി തടസപ്പെട്ടിരിക്കുകയാണ്. എൻ.എച്ച്. ഡി.പി. നാലാം ഘട്ടത്തിൽ ഉൾപ്പെടുത്തി എൻ.എച്ച്. 49, 208, 212, 213, 220 എന്നിവ പേവ്ഡ് ഷോൾഡറോട്ടു കൂടിയ രണ്ടുവരി പാതയാക്കാൻ പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ DBFOT സ്കീമിൽ നടത്തുവാനുള്ള പ്രാരംഭപണികൾ നടത്തിവരുന്നു. |
| (ബി) നാഷണൽ ഹൈവേകളുടെ വീതി 45 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ടോ; | (ബി) എൻ.എച്ച്.47 ഉം, എൻ.എച്ച്.17 ഉം കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 45 മീറ്റർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വീതി കൂട്ടുമ്പോൾ ഒഴിപ്പിക്കപ്പെട്ടുന്നവർക്കുള്ള പുനരധിവാസ പാക്കേജ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | 1956 -ലെ ദേശീയപാതാ ആക്ട് പ്രകാരം വസ്തുവിനും ദേഹണ്ഡങ്ങൾക്കുമുള്ള നഷ്ടപരിഹാരം മാത്രമാണ് ഉള്ളത്. സംസ്ഥാന സർക്കാർ ഇതിനായി നിശ്ചയിക്കുന്ന നഷ്ടപരിഹാരം കേന്ദ്രസർക്കാർ നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. പുനരധിവാസം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | പാക്കേജിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | | ഈ സർക്കാർ പ്രത്യേകമായ ഒരു പുനരധിവാസപാക്കേജ് ഇതുവരെ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ